2026
MAY
16
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സമുദ്രോൽപ്പന്ന കയറ്റുമതി: പുതുക്കിയ കരട് പട്ടികയിൽ ഇന്ത്യയും

**ന്യൂഡൽഹി:** 2026 സെപ്റ്റംബർ മുതൽ യൂറോപ്യൻ യൂണിയൻ വിപണിയിലേക്ക് സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് തുടരാൻ അനുമതി നൽകിയ രാജ്യങ്ങളുടെ പുതുക്കിയ കരട് പട്ടികയിൽ ഇന്ത്യയെ ഉൾപ്പെടുത്തി. 2024 ഒക്ടോബർ നാലിന് പുറപ്പെടുവിച്ച യൂറോപ്യൻ യൂണിയൻ റെഗുലേഷൻ 2024/2598ൽ നിന്ന് ഇന്ത്യ ഒഴിവാക്കപ്പെട്ടതിനെത്തുടർന്നുണ്ടായ ആശങ്കകൾക്ക് ഇതോടെ പരിഹാരമായി. നേരത്തെ പുറപ്പെടുവിച്ച റെഗുലേഷൻ പ്രകാരം 2026 സെപ്റ്റംബർ മുതൽ യൂറോപ്യൻ യൂണിയനിലേക്ക് സമുദ്രോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ അനുമതിയുള്ള അംഗരാജ്യങ്ങളല്ലാത്ത രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ ഉൾപ്പെട്ടിരുന്നില്ല. യൂറോപ്യൻ കമ്മീഷൻ ഡെലിഗേറ്റഡ് റെഗുലേഷൻ 2023/905 പ്രകാരമുള്ള മാനദണ്ഡങ്ങൾ ഇന്ത്യ പാലിച്ച പശ്ചാത്തലത്തിലാണ് പുതിയ നടപടി. കയറ്റുമതി ചെയ്യുന്ന ജന്തുജന്യ ഉല്പന്നങ്ങളിൽ വളർച്ചാ വർധനയ്ക്കായി ആന്റിമൈക്രോബിയൽ മരുന്നുകളോ മനുഷ്യ ചികിത്സയ്ക്കായി മാറ്റിവെച്ച ആന്റിബയോട്ടിക്കുകളോ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ ചട്ടം നിഷ്കർഷിക്കുന്നു.

ഭക്ഷ്യയോഗ്യമായ മൃഗങ്ങളിൽ ആന്റിമൈക്രോബിയൽ മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച നിയന്ത്രണങ്ങൾ പാലിക്കുകയും ആവശ്യമായ ഉറപ്പുകൾ നൽകുകയും ചെയ്ത രാജ്യങ്ങളെയാണ് പുതുക്കിയ പട്ടികയിൽ ഉൾപ്പെടുത്തിയതെന്ന് 2026 മെയ് 12ലെ പത്രക്കുറിപ്പിൽ യൂറോപ്യൻ കമ്മീഷൻ വ്യക്തമാക്കി. ഇന്ത്യയുടെ സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയ്ക്ക് വലിയ ആശ്വാസം പകരുന്നതാണ് യൂറോപ്യൻ യൂണിയൻ തീരുമാനം. പുതുക്കിയ റെഗുലേഷൻ യൂറോപ്യൻ കമ്മീഷൻ ഔദ്യോഗികമായി അംഗീകരിക്കുന്നതോടെ 2026 സെപ്റ്റംബറിന് ശേഷവും ഇന്ത്യയിൽ നിന്ന് സമുദ്രോൽപ്പന്ന കയറ്റുമതി തടസ്സമില്ലാതെ തുടരാനാകും. ഇന്ത്യൻ സമുദ്രോൽപ്പന്നങ്ങളുടെ പ്രധാന വിപണികളിലൊന്നാണ് യൂറോപ്യൻ യൂണിയൻ. 2025-26 കാലയളവിൽ ഇന്ത്യയുടെ സമുദ്രോൽപ്പന്ന കയറ്റുമതിയുടെ 18.94 ശതമാനവും യൂറോപ്യൻ വിപണിയിലേക്കായിരുന്നു. 1.593 ബില്യൺ യുഎസ് ഡോളറിന്റെ ഉൽപ്പന്നങ്ങളാണ് ഇക്കാലയളവിൽ കയറ്റുമതി ചെയ്തത്. 2024-25നെ അപേക്ഷിച്ച് കയറ്റുമതി മൂല്യത്തിൽ 41.45 ശതമാനവും അളവിൽ 38.29 ശതമാനവും വർധന രേഖപ്പെടുത്തി. വളർത്തു ചെമ്മീനുകളാണ് കയറ്റുമതി ഇനങ്ങളിൽ മുന്നിട്ടുനിൽക്കുന്നത്. നിയന്ത്രണ നടപടികൾ ശക്തിപ്പെടുത്താനും ഉത്തരവാദിത്തപൂർണമായ സമുദ്രോൽപാദന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് കേന്ദ്ര വാണിജ്യ മന്ത്രാലയം, സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി, കയറ്റുമതി പരിശോധന സമിതി എന്നിവ വഴി നടത്തിയ നിരന്തര ഇടപെടലുകളുടെ അംഗീകാരം കൂടിയാണിത്. നാഷണൽ റെസിഡ്യൂ കൺട്രോൾ പ്രോഗ്രാം, പോസ്റ്റ് ഹാർവെസ്റ്റ് ടെസ്റ്റിങ് പ്രോഗ്രാം, നിരോധിത ആന്റിബയോട്ടിക്കുകളും ഔഷധ രാസവസ്തുക്കളും കണ്ടെത്താൻ നടത്തിവരുന്ന കർശന പരിശോധനകൾ, സമുദ്രോൽപ്പന്ന മേഖലയിലെ വിവിധ പങ്കാളികൾക്കായി നടത്തുന്ന ബോധവൽക്കരണ പരിപാടികൾ എന്നിവ ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിരീക്ഷണ സംവിധാനത്തെ ശക്തിപ്പെടുത്തി. മൃഗചികിത്സാ മരുന്നുകൾ, ആന്റിമൈക്രോബിയൽ ശേഷിപ്പുകൾ, ഉൽപ്പന്നങ്ങളുടെ ഉറവിടം കണ്ടെത്താനുള്ള സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ ഇന്ത്യ തുടർച്ചയായി പരിഷ്കരിച്ചു വരികയാണ്. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലെ സാങ്കേതിക സഹകരണത്തിന്റെ ഗുണപരമായ ഫലമായാണ് ഈ തീരുമാനത്തെ വിലിരുത്തുന്നത്. കയറ്റുമതി വർധനയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വിദേശനാണ്യ വരുമാനം വർധിപ്പിക്കാനും ഇത് വഴിയൊരുക്കും.

# കാലവർഷം കേരളത്തിൽ മെയ് 26 ഓടെ

**തിരുവനന്തപുരം:** ഇത്തവണ കാലവർഷം കേരളത്തിൽ മെയ് 26 ഓടെ എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്( 4 ദിവസം വരെ മുന്നോട്ടോ പിന്നോട്ടോ വ്യത്യാസം വരാം). അടുത്ത 24 മണിക്കൂറിനുള്ളിൽ കാലവർഷം (മൺസൂൺ) ബംഗാൾ ഉൾക്കടലിന്റെ തെക്കൻ ഭാഗങ്ങൾ, ആൻഡമാൻ കടൽ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ എത്താൻ സാധ്യത.

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും അതിനോട് ചേർന്നുള്ള മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി ശക്തി കൂടിയ ന്യൂനമർദ്ദം (Well-Marked Low Pressure Area) നിലനിൽക്കുന്നു.

മെയ് 17 വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നൽ, കാറ്റോടു കൂടിയ ശക്തമായ മഴക്കും സാധ്യതയുള്ളതായും അടുത്ത 5 ദിവസങ്ങളിൽ കേരളത്തിലും മാഹിയിലും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# എസ്എസ്എൽസി 99.07% വിജയം

**തിരുവനന്തപുരം:** സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷയ്ക്ക് 99.07 ശതമാനം വിജയം. സംസ്ഥാനത്ത് പുതിയ സർക്കാർ അധികാരമേൽക്കുന്ന ഔദ്യോഗിക നടപടികൾ പുരോഗമിക്കുന്ന പശ്ചാത്തലത്തിൽ, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ശർമ്മിള മേരി ജോസഫാണ് വാർത്താസമ്മേളനത്തിൽ ഫലപ്രഖ്യാപനം നടത്തിയത്. ഉപരിപഠനത്തിനുള്ള പ്രവേശന നടപടികളും അക്കാദമിക് കലണ്ടറും വൈകാതിരിക്കാനാണ് നിശ്ചയിച്ച സമയത്തുതന്നെ ഫലം പുറത്തുവിട്ടത്. 4,14,290 വിദ്യാർത്ഥികളാണ് ഇത്തവ പരീക്ഷ എഴുതിയത്. 4,10,456 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടി. 30,514 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയത്തിനും ഫുൾ എ പ്ലസ് ലഭിച്ചു.

251 വിദ്യാർഥികളാണ് പ്രൈവറ്റായി പരീക്ഷ എഴുതിയത്. ഇതിൽ 189 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടി. പത്തനംതിട്ടയാണ് വിജയ ശതമാനം ഏറ്റവും കൂടുതലുള്ള ജില്ല (99.72 ശതമാനം) ഏറ്റവും കൂടുതൽ വിജയശതമാനമുള്ള വിദ്യാഭ്യാസ ജില്ല കുട്ടനാട് ആണ് (100 ശതമാനം). തിരുവനന്തപുരമാണ് ഏറ്റവും കുറവ് വിജയശതമാനമുള്ള ജില്ല (97.99 ശതമാനം), വിജയശതമാനം ഏറ്റവും കുറവുള്ള വിദ്യാഭ്യാസ ജില്ല തിരൂർ ആണ് (96.60 ശതമാനം) ഏറ്റവും കൂടുതൽ എ പ്ലസ് നേടിയത് കൊല്ലം റവന്യു ജില്ലയാണ് (11.6 ശതമാനം ) കൊട്ടാരക്കരയാണ് ഏറ്റവും കുടുതൽ എ പ്ലസ് നേടിയ വിദ്യാഭ്യാസ ജില്ല (17.4 ശതമാനം). പി. കെ.എം. എം. എച്ച്. എസ്. എസ്. ഇടരിപ്പോട് സ്കൂളാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് ഇരുത്തിയത്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയ റവന്യു ജില്ലയും വിദ്യാഭ്യാസ ജില്ലയും മലപ്പുറമാണ്. മലപ്പുറം റവന്യു ജില്ലയിലാണ് ഏറ്റവും കുടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയത്




# പിണറായി വിജയനെ വീട്ടിൽ എത്തി സന്ദർശിച്ച് വി.ഡി. സതീശൻ



**തിരുവനന്തപുരം:** പ്രതിപക്ഷ നേതാവും മുൻ മുഖ്യമന്ത്രിയുമായ പിണറായി വിജയനെ അദ്ദേഹത്തിന്റെ വസതിയിൽ എത്തി സന്ദർശിച്ച് നിയുക്ത മുഖ്യമന്ത്രി വി. ഡി സതീശൻ.

ഇന്നലെ ഉച്ചയ്ക്ക് 12 മണിയോടെ തിരുവനന്തപുരം ബേക്കറി ജംഗ്ഷനിലെ പിണറായി വിജന്റെ വാടകവീട്ടിലെത്തിയ വി. ഡി സതീശനെ പിണറായി വിജയൻ, ഭാര്യ കമല, മകൾ വീണ എന്നിവർ ചേർന്ന് വീടിന് പുറത്തെത്തി സ്വീകരിച്ചു. തുടർന്ന് വീടിനള്ളിലേക്ക് സതീശനെ ക്ഷണിച്ചിരുത്തി. ചായ നൽകി സൽക്കരിച്ചു.

സി.എം ഭക്ഷണകാര്യത്തിൽ നല്ല ചിട്ടയുള്ളയാളാണെന്നും തനിക്കതില്ലെന്നും താൻ പകുതി ഭക്ഷണമേ കഴിയ്ക്കുകയുള്ളുവെന്നും സതീശൻ പറഞ്ഞു. കുശലാന്വേഷണത്തിനുശേഷം ഇരുവരും പുറത്തിറങ്ങി മാധ്യമങ്ങളെ കണ്ടു. സംസ്ഥാന രാഷ്ട്രീയത്തിലെ ഏറ്റവും മുതിർന്ന ആളാണ് പിണറായി വിജയനെന്നും കേരളത്തിന്റെ എല്ലാ പ്രധാന കാര്യങ്ങളിലും ഒന്നിച്ചു നിൽക്കാനുള്ള പിന്തുണ അഭ്യർത്ഥിച്ചുവെന്നും വി.ഡി സതീശൻ പറഞ്ഞു. സത്യപ്രതിജ്ഞയ്ക്ക് എത്തണമെന്ന് അഭ്യർത്ഥിച്ച് അദ്ദേഹത്തെ ക്ഷണിച്ചുവെന്നും വി.ഡി സതീശൻ പറഞ്ഞു. രമേശ് ചെന്നിത്തല, അടൂർ പ്രകാശ, പി.ജെ ജോസഫ്, എന്നിവരുടെ വീട്ടിലെത്തിയും വി. ഡി സതീശൻ കൂടിക്കാഴ്ച നടത്തി. അന്തരിച്ച ജി. കാർത്തികേയന്റെ വീട്ടിലെത്തി കാർത്തികേയന്റെ ഭാര്യയും മകൻ ശബരീനാഥ് എന്നിവരുമായും കൂടിക്കാഴ്ച നടത്തി.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **എറണാകുളം ചിൽഡ്രൻസ് പാർക്ക് :** എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായിരുന്ന പ്രൊഫസർ എം.കെ. സാനുമാഷിന്റെ സ്മരണാർഥം ഫേസ് ഫൗണ്ടേഷനും കേരള സംസ്ഥാന ശിശുക്ഷേമ സമിതിയും ചേർന്ന് അഖില കേരള ചിത്ര രചനാ മത്സരം രാവിലെ 9.30ന് സംഘടിപ്പിക്കുന്നു. ആർട്ടിസ്റ്റ് ടി. കലാധരൻ ഉദ്ഘാടനം നിർവഹിക്കും.

■ **പി ഒ സി ഓഡിറ്റോറിയം :** കെ സി ബി സി മീഡിയ കമ്മിഷൻ സംഘടിപ്പിക്കുന്ന ചവിട്ടുനാടക ഫെസ്റ്റ് വൈകിട്ട് 6ന് കൃപാസനം കൊച്ചിൻ പൗരാണിക രംഗ കലാപീഠത്തിന്റെ ജയക്കൊടി (സാമൂഹ്യ നാടകം).

■ **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ഗാനമേള – വോയ്സ് ഓഫ് ശ്രുതി സാഗരം വൈകിട്ട് 6ന്.

■ **എറണാകുളം സഹോദര സൗധം :** ശ്രീനാരായണ സേവാ വനിതാസംഘം ദ്വിദിന വേനൽക്കാല പഠനക്യാമ്പ് 'ചിരിമുറ്റം' രാവിലെ 9.30ന് കുമാരി സുഭദ്ര ഉണ്ണികൃഷ്ണൻ (കുഞ്ഞാറ്റ) ഉദ്ഘാടനം ചെയ്യും.

### തൃപ്പൂണിത്തുറ

■ **കളിക്കോട്ട പാലസ് :** ജി.എൻ.സ്വാമി ട്രസ്റ്റിന്റെയും സംഗീത സഭയുടെയും ആഭിമുഖ്യത്തിൽ ജന്മ ശതാബ്ദി വർഷം ആചരിക്കുന്ന മൃദംഗം ഗുരു പൂവലൂർ വെങ്കിട്ടരാമന്റെ അനുസ്മരണം വൈകിട്ട് 5.30ന്. തുടർന്ന് സംഗീതജ്ഞൻ ബി.യു.ഗണേഷ് പ്രസാദ് നയിക്കുന്ന സംഗീത സദസ്സ്.

### പെരുമ്പാവൂർ

■ **ചേരാനല്ലൂർ സെന്റ്. ഫ്രാൻസിസ് സേവ്യേഴ്സ് പള്ളി ഓഡിറ്റോറിയം :** സ്റ്റേറ്റ് കരാട്ടെ ചാമ്പ്യൻഷിപ്പ് മത്സരം. രാവിലെ 10ന് നിയുക്ത എംഎൽഎ മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്യും.

### മട്ടാഞ്ചേരി

■ **കരുവേലിപടി ടാഗോർ ലൈബ്രറി ഹാൾ :** കുട്ടികളുടെ അവധിക്കാല പരിപാടിയായ വായനക്കളരിയുടെ നാലാം ദിന പരിപാടി സൗജന്യചിത്രകലാ പരിശീലന ക്ലാസ് ഉച്ചയ്ക്ക് 2ന് ചിത്രകലാ അധ്യാപകൻ സൈനുദ്ദീൻ അമ്പലത്ത് പരിശീലനം നൽകും.

# എസ്.എസ്.എൽ.സി: എറണാകുളത്തിന് മിന്നും ജയം; വിജയശതമാനം 99.61%

കൊച്ചി: ഇത്തവണത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ മിന്നും വിജയം നേടി എറണാകുളം ജില്ല. ജില്ലയിൽ 99.61 ശതമാനം വിദ്യാർത്ഥികളാണ് ഉപരിപഠനത്തിന് അർഹത നേടിയത്. പരീക്ഷ എഴുതിയ 30,578 വിദ്യാർത്ഥികളിൽ 30,458 പേരും വിജയം കൈവരിച്ചു. പെൺകുട്ടികളാണ് മുന്നിൽ. പരീക്ഷ എഴുതിയ 15,715 ആൺകുട്ടികളിൽ 15,649 പേരും, 14,863 പെൺകുട്ടികളിൽ 14,809 പേരും വിജയിച്ചു.ജില്ലയിലാകെ 2203 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങളിലും എ പ്ലസ്നേടി. ഇതിൽ 1553 പെൺകുട്ടികളും 650 ആൺകുട്ടികളുമാണുള്ളത്. ജില്ലയിലെ ആകെ 260 സ്കൂളുകൾ നൂറു ശതമാനം വിജയം കൈവരിച്ചു. ജില്ലയിലെ 101 സർക്കാർ സ്കൂളുകളിൽ 81 എണ്ണവും, 177 എയ്ഡഡ് സ്കൂളുകളിൽ 133 എണ്ണവും, 52 അൺ എയ്ഡഡ് സ്കൂളുകളിൽ 46 എണ്ണവും നൂറു ശതമാനം വിജയം സ്വന്തമാക്കി.

### മുന്നിൽ മൂവാറ്റുപുഴ

ഏറ്റവും ഉയർന്ന വിജയശതമാനം രേഖപ്പെടുത്തിയത് മൂവാറ്റുപുഴയിലാണ് (99.77%). പരീക്ഷ എഴുതിയ 3,479 വിദ്യാർത്ഥികളിൽ 3,471 പേരും വിജയിച്ചു. 352 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടി മികച്ച നേട്ടം കൈവരിച്ചു. ആലുവ വിദ്യാഭ്യാസ ജില്ലയിൽ പരീക്ഷ എഴുതിയ 11,691 വിദ്യാർത്ഥികളിൽ 11,657 പേർ വിജയിച്ചു. 99.71 ആണ് ഇവിടുത്തെ വിജയശതമാനം. 930 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടി.എറണാകുളം വിദ്യാഭ്യാസ ജില്ലയിൽ 10,149 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 10,084 പേർ ഉപരിപഠനത്തിന് അർഹരായി. 99.36 ശതമാനമാണ് വിജയം. 568 പേർ ഫുൾ എ പ്ലസ് കരസ്ഥമാക്കി.കോതമംഗലം വിദ്യാഭ്യാസ ജില്ലയിൽ 5,259 വിദ്യാർത്ഥികളിൽ 5,246 പേരും വിജയിച്ചു. 99.75 ആണ് വിജയശതമാനം. 353 വിദ്യാർത്ഥികൾക്കാണ് ഇവിടെ എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചത്.

# പുതിയ കാർ വേണ്ട; സുരക്ഷയുടെ പേരിൽ ആളുകളെ ബുദ്ധിമുട്ടിക്കരുത്: നിയുക്ത മുഖ്യമന്ത്രി

**തിരുവനന്തപുരം:** തനിക്ക് പുതിയ കാർ വേണ്ടെന്നും പുതിയ കാർ വാങ്ങാൻ തീരുമാനിച്ചാൽ അത് ഭരണസംവിധാനത്തിന് നൽകുന്ന തെറ്റായ സന്ദേശമായിരിക്കുമെന്നും നിയുക്തമുഖ്യമന്ത്രി വി.ഡി സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

സാമ്പത്തികനില വഷളായിരിക്കുന്ന സമയത്ത് ആർഭാടങ്ങൾ പരമാവധി കുറച്ച് നമ്മൾ ചില മാതൃകകൾ സൃഷ്ടിക്കണം. നിലവിലുള്ള കാർ ഉപയോഗിക്കും. അതിന്റെ നിറമൊന്നും നോക്കില്ല. വലിയ ആർഭാടത്തോടെയും പത്രാസോടെയും റോഡിലൂടെ പോയാൽ ആളുകൾ എന്നെ ഉള്ളിൽ കളിയാക്കി ചിരിക്കും. ഞാൻ അത്രയ്ക്കൊന്നും ആയിട്ടില്ല. പോകുന്ന വഴിയിൽ ആളുകളെ പരമാവധി ബുദ്ധിമുട്ടിക്കരുതെന്ന് പൊലീസിനോട് നിർദ്ദേശിച്ചിട്ടുണ്ട്. വിരലിൽ എണ്ണാവുന്നതിൽ താഴെ വാഹനങ്ങൾ മാത്രമെ പാടുള്ളുവെന്നും പറഞ്ഞിട്ടുണ്ട്. ഇതിന് മുൻപ് പോയവരെയൊന്നും പരിഹസിക്കുകയല്ല. അവർക്ക് അതിന്റെ ആവശ്യം ഉണ്ടായിരുന്നിരിക്കും. പക്ഷെ എനിക്ക് അതിന്റെയൊന്നും ആവശ്യമില്ല. മുകളിൽ ഇരിക്കുന്നവർ നൽകേണ്ട സന്ദേശമുണ്ട്. നമ്മൾ പത്രാസും ആർഭാടവും കാണിച്ചാൽ താഴെയുള്ളവരും അത് ചെയ്യും. അതിനുള്ള ശേഷി കേരളത്തിന്റെ ഖജനാവിനില്ലെന്നും നിയുക്തമുഖ്യമന്ത്രി വി.ഡി സതീശൻ പറഞ്ഞു.

# ഡെങ്കിപ്പനി പ്രതിരോധം: സർക്കാർ ഓഫീസുകളിലും ഇന്ന് 'ഡ്രൈ ഡേ'

**കൊച്ചി:** ദേശീയ ഡെങ്കിപ്പനി പ്രതിരോധ ദിനത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ജില്ലാ കളക്ടർ ജി. പ്രിയങ്ക നിർദ്ദേശം നൽകി. ഇതിന്റെ ഭാഗമായി ഇന്ന് രാവിലെ 10.30 മുതൽ ജില്ലയിലെ പ്രധാന സർക്കാർ ഓഫീസുകളിൽ 'ഡ്രൈ ഡേ' ആചരിക്കും. സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, വിവിധ താലൂക്ക് ഓഫീസുകൾ തുടങ്ങി എല്ലാ സർക്കാർ സ്ഥാപനങ്ങളിലും കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടക്കും. 'എന്റെ ഓഫീസ് ഉറവിട വിമുക്തം' എന്ന മുദ്രാവാക്യമുയർത്തി ഓഫീസിനുള്ളിലും പരിസരത്തും വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യം ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനും ചിക്കുൻഗുനിയ, ഡെങ്കിപ്പനി തുടങ്ങിയ കൊതുക് ജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുമായി എല്ലാ ശനിയാഴ്ചകളിലും സമാനമായ രീതിയിൽ പരിശോധനകൾ നടത്താനും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

ജില്ലാ ഭരണകൂടം, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. മഴക്കാലം മുന്നിൽക്കണ്ട് കൊതുക് നശീകരണത്തിന് വലിയ പ്രാധാന്യമാണ്

നൽകുന്നത്. സിവിൽ സ്റ്റേഷനിലെ എല്ലാ ഓഫീസ് മേധാവികളും ജീവനക്കാരെ ഏകോപിപ്പിച്ച് നിശ്ചിത സമയത്തിനുള്ളിൽ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നും ജില്ലാ കളക്ടർ പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു.

# അതിഥി കുട്ടികൾക്ക് കരുതലിന്റെ പത്തു വർഷം; 'റോഷ്നി' പദ്ധതി പുതിയ തലങ്ങളിലേക്ക്

**കൊച്ചി:** ജില്ലയിലെ അതിഥി തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ പുരോഗതിയും സാമൂഹിക സുരക്ഷയും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 'റോഷ്നി' പദ്ധതി പത്താം വർഷത്തിലേക്ക് പ്രവേശിക്കുന്ന സാഹചര്യത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു.

അതിഥി തൊഴിലാളികൾ നമ്മുടെ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണെന്നും അവരുടെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നാം ബാധ്യസ്ഥരാണെന്നും ജില്ലാ കളക്ടർ യോഗത്തിൽ പറഞ്ഞു.

ഉത്സവങ്ങൾക്കും തിരഞ്ഞെടുപ്പുകൾക്കുമായി ഇവർ നാട്ടിലേക്ക് മടങ്ങിയപ്പോൾ നമ്മുടെ ചെറുകിട വ്യവസായ മേഖല നേരിട്ട പ്രതിസന്ധി ഇവരുടെ പ്രസക്തി വ്യക്തമാക്കുന്നു. ഭരണഘടന ഉറപ്പുനൽകുന്ന 'വിദ്യാഭ്യാസത്തിനുള്ള അവകാശം' ഈ കുട്ടികൾക്കും അർഹതപ്പെട്ടതാണ്. അവർക്ക് കൃത്യമായ വിദ്യാഭ്യാസവും കരുതലും നൽകുന്നതിലൂടെ ഭാവിയിൽ സമൂഹത്തിന് കരുത്തുറ്റ സംഭാവനകൾ നൽകാൻ അവരെ പ്രാപ്തരാക്കാമെന്നും, ഒപ്പം കുട്ടികൾ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളിലേക്ക് വഴിമാറിപ്പോകുന്നത് തടയാനാകുമെന്നും ജില്ലാ കളക്ടർ കൂട്ടിച്ചേർത്തു.

അതിഥി തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് ആധാർ കാർഡ് നിർബന്ധമായ സാഹചര്യത്തിൽ, നിലവിൽ കാർഡില്ലാത്ത കുട്ടികൾക്കായി ജൂൺ 15 മുതൽ പ്രത്യേക ഡ്രൈവ് ആരംഭിക്കാൻ യോഗം നിർദ്ദേശിച്ചു. ജനന സർട്ടിഫിക്കറ്റ് ഇല്ലാത്ത കുട്ടികൾക്ക് മെഡിക്കൽ ബോർഡ് വഴി പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റോ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ (ഡി. സി.പി. ഒ) സാക്ഷ്യപ്പെടുത്തിയ രേഖകളോ ഉപയോഗിച്ച് ആധാർ ലഭ്യമാക്കാനുള്ള സാധ്യതകൾ പരിശോധിക്കാൻ ഐ.ടി മിഷനേയും സബ് കളക്ടർ ഗ്രന്ഥേ സായികൃഷ്ണയേയും ജില്ലാ കളക്ടർ ചുമതലപ്പെടുത്തി.

പെരുമ്പാവൂർ, വെങ്ങോല മേഖലകളിൽ ഇപ്പോഴും നിലനിൽക്കുന്ന ബാലവേല തടയാൻ കർശന നടപടികൾ സ്വീകരിക്കണം. കേക്ക് പാക്കിംഗ് ഉൾപ്പെടെയുള്ള ജോലികളിൽ കുട്ടികളെ ഏർപ്പെടുത്തുന്നുണ്ടോ എന്ന് കണ്ടെത്താൻ ഡി.സി.പി.ഒ, പോലീസ്, ലേബർ എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത സർവേ നടത്തണം. ചെറിയ കുട്ടികളെ നോക്കാൻ വേണ്ടി മുതിർന്ന കുട്ടികൾ സ്കൂളിൽ പോകാതെ വീട്ടിലിരിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ പെരുമ്പാവൂർ പോലുള്ള സ്ഥലങ്ങളിൽ ഡേ-കെയർ സെന്ററുകളും ക്രഷുകളും ആരംഭിക്കണമെന്നും യോഗം നിർദ്ദേശിച്ചു. ഏഴാം ക്ലാസിനു ശേഷം കുട്ടികൾ പഠനം നിർത്തുന്ന പ്രവണത ഒഴിവാക്കാൻ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പഠനോപകരണങ്ങൾ ലഭ്യമാക്കാൻ നടപടിയെടുക്കണം. പത്താം ക്ലാസും പ്ലസ് ടുവും കഴിഞ്ഞ നൂറോളം കുട്ടികളുടെ പട്ടിക തയ്യാറാക്കി അസാപ്പ് കേരള വഴി മൂന്ന് -നാല് മാസങ്ങൾ നീണ്ടുനിൽക്കുന്ന നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കാനുള്ള സാധ്യതകൾ പരിശോധിക്കണം. അതിഥി തൊഴിലാളികളുടെ കുടുംബങ്ങളിലെ സ്ത്രീകൾക്ക് കുടുംബശ്രീ അംഗത്വം നൽകി അവരുടെ മക്കളെ ബാലസഭകളുടെയും നൈപുണ്യ സഹായ ഗ്രൂപ്പുകളുടെയും ഭാഗമാക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

അതിഥി തൊഴിലാളികളുടെ കുട്ടികൾ വളരെയധികം കഴിവുള്ളവരാണ്. ഇവർക്ക് പഠനത്തോടൊപ്പം വരുമാനം നേടുന്നതിന് ബിഹാറിലെ മധുബനി പോലുള്ള കരകൗശല വിദ്യകളിൽ പരിശീലനം നൽകണം. ഇവരുടെ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ എൻ.ജി.ഒകളുടെ സഹായം തേടണമെന്നും ജില്ലാ കളക്ടർ പറഞ്ഞു. തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ തൊഴിലിടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.

തൊഴിലിടങ്ങളിലെ പീഡനങ്ങളും പരാതികളും കേൾക്കുന്നതിനായി എല്ലാ മാസങ്ങളിലും ജില്ലാ ലേബർ ഓഫീസിന്റെ നേതൃത്വത്തിൽ പ്രത്യേക ക്യാമ്പുകൾ നടത്താൻ ജില്ലാ ലേബർ ഓഫീസർക്ക് (എൻഫോഴ്സ്മെന്റ്) യോഗം നിർദ്ദേശം നൽകി. ജില്ല ശിശു സംരക്ഷണ ഓഫീസർ ജയന്തി പി നായർ, റോഷ്നി ജില്ലാ കോ ഓഡിനേറ്റർ സി.കെ. പ്രകാശ്, റോഷ്നി അക്കാദമിക് കോ ഓഡിനേറ്റർ ജയശ്രീ കുളക്കുന്നത്ത് , നവകേരളം ജില്ലാ കോഓഡിനേറ്റർ എസ് രഞ്ജിനി, കുടുംബശ്രീ ജില്ലാ കോഓഡിനേറ്റർ ടി. എം. റജീന മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# തീവ്ര വോട്ടർ പട്ടിക പരിഷ്കരണം: 16 സംസ്ഥാനങ്ങളിലും 3 കേന്ദ്രഭരണ പ്രദേശങ്ങളിലും വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കും

**ന്യൂഡൽഹി:** 16 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പിലാക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന സെൻസസ് ഭവന വിവരശേഖരണ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് വോട്ടർ പട്ടിക പുതുക്കലിന്റെ (ടകഞ) മൂന്നാം ഘട്ട സമയക്രമം നിശ്ചയിച്ചു 'സ്പെഷ്യൽ ഇന്റെൻസീവ് റിവിഷൻ' മൂന്നാം ഘട്ടം പൂർത്തിയാകുന്നതോടെ ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, ലഡാക്ക് എന്നിവയൊഴികെ രാജ്യം മുഴുവൻ വോട്ടർ പട്ടിക പുതുക്കൽ നടപടികൾ പൂർത്തിയാകും. ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ സെൻസസിന്റെ രണ്ടാം ഘട്ടം പൂർത്തിയാകാനുള്ളത് തെരഞ്ഞെടുപ്പ് കമ്മീഷൻ പരിഗണിച്ചു.

ഇവിടങ്ങളിൽ ഉയർന്ന പ്രദേശങ്ങളിലെ കടുത്ത മഞ്ഞുവീഴ്ചയും മോശം കാലാവസ്ഥയും ഫീൽഡ് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് തടസ്സമായതിനാൽ നിലവിലെ സാഹചര്യം വിലയിരുത്തിയ ശേഷം വോട്ടർ പട്ടിക പുതുക്കലിന്റെ പുതുക്കിയതീയതികൾ തെരഞ്ഞെടുപ്പ് കമ്മീഷൻ പിന്നീട് പ്രഖ്യാപിക്കും. എസ്ഐആർ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി രാജ്യത്തുടനീളം ഏകദേശം 36.73 കോടി വോട്ടർമാരെ നേരിട്ട് കണ്ട് വിവരങ്ങൾ ശേഖരിക്കുന്നതിനായി 3.94 ലക്ഷത്തിലധികം ബൂത്ത് ലെവൽ ഓഫീസർമാരെ ഭവന സന്ദർശനത്തിനായി നിയോഗിച്ചു. ഇവരെ സഹായിക്കുന്നതിനായി വിവിധ രാഷ്ട്രീയ പാർട്ടികൾ നിയോഗിച്ച 3.42 ലക്ഷം ബൂത്ത് ലെവൽ ഏജന്റുമാരും ഈ പ്രക്രിയയിൽ പങ്കാളികളാകും. ഓരോ സംസ്ഥാനത്തെയും കേന്ദ്രഭരണ പ്രദേശത്തെയും ബി.എൽ.ഒമാരുടെയും ബി.എൽ.എമാരുടെയും വിശദമായ കണക്കുകൾ കമ്മീഷൻ പുറത്തുവിട്ട അനുബന്ധം2 ൽ ലഭ്യമാണ്.

വോട്ടർ പട്ടിക പുതുക്കൽ പ്രക്രിയ തികച്ചും സുതാര്യവും ജനപങ്കാളിത്തമുള്ളതുമായ ഒരു ദൗത്യമാക്കി മാറ്റുന്നതിനായി എല്ലാ പങ്കാളികളുടെയും സഹകരണം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അഭ്യർത്ഥിച്ചു.

വോട്ടർമാർ, രാഷ്ട്രീയ പാർട്ടികൾ, ഉദ്യോഗസ്ഥർ എന്നിവർ ഒത്തുചേർന്നുള്ള ഒരു പ്രവർത്തനമായാണ് കമ്മീഷൻ ഇതിനെ വിഭാവനം ചെയ്യുന്നത്. ഓരോ പോളിംഗ് ബൂത്തിലും നിർബന്ധമായും ബൂത്ത് ലെവൽ ഏജന്റുമാരെ നിയമിക്കണമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളോടും കമ്മീഷൻ ആവശ്യപ്പെട്ടു. എസ്ഐആർ ഉത്തരവ് പുറപ്പെടുവിച്ച തീയതി പ്രകാരം 13 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി ഏകദേശം 59 കോടി വോട്ടർമാർ ഉൾപ്പെടുന്ന എസ്ഐആറിന്റെ ആദ്യ രണ്ട് ഘട്ടങ്ങളിൽ, 6.3 ലക്ഷത്തിലധികം ബിഎൽഒമാരും രാഷ്ട്രീയ പാർട്ടികൾ നിയമിച്ച 9.2 ലക്ഷം ബിഎൽഎമാരും തീവ്ര വോട്ടർ പട്ടിക പരിഷ്കരണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ പങ്കാളികളായി .

## കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ 'മഴയറിവ്': പദ്ധതി ജില്ലയിലെ 96 പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പിക്കും

**കൊച്ചി:** കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനായി പ്രാദേശിക സമൂഹത്തെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന 'മഴയറിവ്' മഴമാപിനി സ്ഥാപിക്കൽ ജില്ലയിലെ കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിനു മുന്നോടിയായി അവലോകന യോഗം ചേർന്നു. ജില്ലാ കളക്ടർ ജി പ്രിയങ്ക ഉദ്ഘാടനം ചെയ്തു.

കാലാവസ്ഥ വ്യതിയാനത്തെ കുറിച്ച് പഠിക്കേണ്ടതും അതിനനുസൃതമായി ഒരു ജീവിതരീതി വളർത്തിയെടുക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. മെയ് 23-നാണ് കേരളത്തിൽ കാലവർഷം എത്തുമെന്ന് കരുതിയെങ്കിലും ജില്ലയിൽ പലയിടത്തും അതിശക്തമായ വേനൽമഴ നാശനഷ്ടങ്ങൾ വിതച്ചു. പിറവം, മണീട്, രാമമംഗലം, പാമ്പാക്കുട പഞ്ചായത്തുകളിലും പിറവം നഗരസഭയിലുമായി നൂറോളം വീടുകൾക്കും കൃഷിയിടങ്ങൾക്കും മെയ് 14ന് പെയ്ത മഴയിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ചു. ഈ സാഹചര്യത്തിൽ പ്രാദേശികമായ കാലാവസ്ഥാ മാറ്റങ്ങൾ കൃത്യമായി മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ജില്ലാ കളക്ടർ പറഞ്ഞു. ഇതൊരു സർക്കാർ പദ്ധതിയല്ല, മറിച്ച് ഒരു ജനകീയ മുന്നേറ്റമാണ്. ഈ പദ്ധതി പഞ്ചായത്തുകൾ ഏറ്റെടുക്കണം. പ്രാദേശികമായി ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് അതത് പ്രദേശങ്ങൾക്ക് അനുയോജ്യമായ ദുരന്ത നിവാരണ പദ്ധതികളും ജല പരിപാലന പദ്ധതികളും തയ്യാറാക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കണമെന്നും ജില്ലാ കളക്ടർ കൂട്ടിച്ചേർത്തു.

കാലാവസ്ഥയെക്കുറിച്ചുള്ള വിവരശേഖരണം കൂടുതൽ സുതാര്യമാക്കാൻ സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ ഒരു ആപ്പ് വികസിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ വിശകലനം ചെയ്യാൻ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ (കുസാറ്റ്) സേവനം ഉറപ്പാക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. ആമ്പല്ലൂരിൽ വിജയകരമായി ആരംഭിച്ച കാലാവസ്ഥാ സാക്ഷരത യജ്ഞം എറണാകുളം ജില്ലയിൽ മുഴുവനായി നടപ്പിലാക്കുവാൻ ജില്ലാ ഭരണകൂടവും ഹരിത കേരളം മിഷനും തയ്യാറെടുക്കുകയാണ്. നിലവിൽ 10 പഞ്ചായത്തുകളിൽ നടപ്പിലാക്കിയ മഴയറിവ് പദ്ധതി അടുത്ത കുറച്ച് മാസങ്ങൾക്കുള്ളിൽ ജില്ലയിലെ 96 ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് നവകേരളം ജില്ലാ കോഓഡിനേറ്റർ എസ് രഞ്ജിനി പറഞ്ഞു.

റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, ശാസ്ത്ര സാഹിത്യ പരിഷത്ത്, ലൈബ്രറി കൗൺസിൽ, വയനാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആൻഡ് വൈൽഡ് ലൈഫ് ബയോളജി, കുസാറ്റ് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് മഴ നിരീക്ഷണം നടക്കുന്നത്.

പദ്ധതിയുടെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവെച്ച ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ അംഗങ്ങൾക്കും ആദ്യഘട്ടത്തിൽ മഴയറിവ് പദ്ധതി നടപ്പിലാക്കിയ 10 ഗ്രാമപഞ്ചായത്തുകളിലെ അംഗങ്ങൾക്കും ജില്ലാ കളക്ടർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ജില്ലാ പ്ലാനിങ് ഓഫീസർ ജി ഉല്ലാസ്, തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അനിൽകുമാർ, മറ്റു വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



*മഴയറിവ് പദ്ധതി അവലോകനയോഗം ജില്ലാ കളക്ടർ ജി പ്രിയങ്ക ഉദ്ഘാടനം ചെയ്യുന്നു. നവകേരളം ജില്ലാ കോഓഡിനേറ്റർ എസ് രഞ്ജിനി, തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അനിൽകുമാർ എന്നിവർ സമീപം.*

## കുളവാഴയിൽ നിന്നും വ്യാവസായിക ഇന്ധന ബ്രിക്കറ്റുകൾ; കളക്ടർക്ക് പഠന റിപ്പോർട്ട് സമർപ്പിച്ചു



**കൊച്ചി:** ജലാശയങ്ങൾക്ക് ഭീഷണിയായ കുളവാഴയിൽ നിന്നും വ്യാവസായിക ആവശ്യങ്ങൾക്കുള്ള ഇന്ധനമായി ബയോമാസ് ബ്രിക്കറ്റുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് ജെയിൻ യൂണിവേഴ്സിറ്റിയുടെ ഫ്യൂച്ചർ കേരള മിഷൻ എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ജൈവ മാലിന്യങ്ങൾ കംപ്രസ് ചെയ്ത് നിർമ്മിക്കുന്ന പരിസ്ഥിതി സൗഹൃദ ഇന്ധനമാണ് ബയോമാസ് ബ്രിക്കറ്റുകൾ.

ഫ്യൂച്ചർ കേരള മിഷൻ ചെയർമാനും മുൻ അംബാസഡറുമായ പ്രൊഫ. വേണു രാജാമണിയുടെ നേതൃത്വത്തിൽ ഫ്യൂച്ചർ കേരള മിഷൻ ചീഫ് കോർഡിനേറ്റർ ജ്യോത്സന വിശുദ്, ജെയിൻ ബിസിനസ് സ്കൂൾ ഡെപ്യൂട്ടി ഡയറക്ടർ ഡോ. സിമ്മി കുര്യൻ, അസോസിയേറ്റ് പ്രൊഫസർ ഡോ. ഗിരീഷ് എസ്. പതി, അസി. പ്രൊഫ. ഡോ. ലിബിൻ തോമസ് എന്നിവരടങ്ങുന്ന സംഘമാണ് കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചത്. പദ്ധതിയുടെ പൈലറ്റ് പ്രോഗ്രാം ഉടൻ തന്നെ ആരംഭിക്കുമെന്ന് റിപ്പോർട്ട് വിലയിരുത്തിയ ശേഷം ജില്ലാ കളക്ടർ വ്യക്തമാക്കി. വ്യാവസായിക ഇന്ധനമായി കുളവാഴ മാറ്റുന്നതിന്റെ സാങ്കേതികവും വാണിജ്യപരവുമായ സാധ്യതകൾ പരിശോധിക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായാണ് യൂണിവേഴ്സിറ്റി പഠനം പൂർത്തിയാക്കിയത്. അൻപതോളം വ്യാവസായിക പങ്കാളികൾക്കിടയിൽ നടത്തിയ മാർക്കറ്റ് സർവേ, നൽക്കര വുഡ് ഇൻഡസ്ട്രീസ്, പൂങ്കാവനം ബയോമാസ് ബ്രിക്കറ്റ്സ് പ്രൈ പവറ്റ് ലിമിറ്റഡ് തുടങ്ങിയ നിർമ്മാണ യൂണിറ്റുകളിലെ സന്ദർശനം, പരീക്ഷണാടിസ്ഥാനത്തിലുള്ള ബ്രിക്കറ്റ് നിർമ്മാണവും ടെസ്റ്റിംഗും എന്നിവ പഠനത്തിന്റെ ഭാഗമായിരുന്നു. കുളവാഴയിൽ നിന്നുള്ള ബയോമാസ് ബ്രിക്കറ്റുകൾക്ക് വ്യാവസായിക മേഖലയിൽ വലിയ സ്വീകാര്യമാണെന്ന് ജെയിൻ ബിസിനസ് സ്കൂൾ നടത്തിയ പഠനത്തിൽ കണ്ടെത്തി. അസംസ്കൃത വസ്തുക്കൾ ധാരാളമായി ലഭ്യമാണ്. കൂടാതെ ഇതിനാവശ്യമായ സാങ്കേതികവിദ്യയും തെളിയിക്കപ്പെട്ടതാണ്. എന്നാൽ, വിളവെടുക്കുന്ന കുളവാഴയിലെ ഉയർന്ന ജലാംശം കാരണം ഗതാഗതം ദുഷ്കരമാകുന്നതാണ് ഇതിലെ പ്രധാന വെല്ലുവിളി. സപ്ലൈ ചെയിനിന്റെ പോരായ്മ കൃത്യമായ നിക്ഷേപത്തിലൂടെയും ഏകോപനത്തിലൂടെയും പരിഹരിക്കാനായാൽ ഈ പ്രതിസന്ധി മറികടക്കാനാകുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

## എൻഷ്വർ സ്ട്രെങ്ത് പ്രോ' അവതരിപ്പിച്ച് ആബോട്ട്

**കൊച്ചി:** ആബോട്ട് 'എൻഷ്വർ സ്ട്രെങ്ത് പ്രോ' പോഷകാഹാര ഉൽപ്പന്നം ഇന്ത്യയിൽ അവതരിപ്പിച്ചു.

31 പോഷകഘടകങ്ങളും 30 ഗ്രാം ഉയർന്ന നിലവാരമുള്ള പ്രോട്ടീനും അടങ്ങിയ ഈ ഉൽപ്പന്നം പേശികൾ, അസ്ഥികൾ, ഹൃദയം, പ്രതിരോധശേഷി, മെറ്റബോളിസം, രക്തകോശങ്ങൾ, നാഡീവ്യവസ്ഥ എന്നിവയുടെ ആരോഗ്യ സംരക്ഷണത്തിന് സഹായകരമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നാലാം പാദത്തിൽ 167 കോടി രൂപ അറ്റാദായം നേടി ശ്രീറാം ജനറൽ ഇൻഷുറൻസ്

**കൊച്ചി:** ശ്രീറാം ഗ്രൂപ്പിനു കീഴിലുള്ള ശ്രീറാം ജനറൽ ഇൻഷുറൻസ് മാർച്ച് 31ന് അവസാനിച്ച സാമ്പത്തികവർഷത്തെ നാലാം പാദത്തിൽ 167 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. 28 ശതമാനമാണ് വളർച്ച. മുൻവർഷത്തെ സമാനപാദത്തിൽ 130 കോടി രൂപയായിരുന്നു ലാഭം. ഇതോടെ കമ്പനിയുടെ മൊത്തം ലാഭം 17 ശതമാനം വളർച്ചയോടെ 601 കോടി രൂപയായി. കമ്പനിയുടെ മൊത്തം ആഭ്യന്തര പ്രീമിയം വരുമാനം നാലാം പാദത്തിൽ 21 ശതമാനം വളർച്ച നേടി 1332 കോടി രൂപയിലെത്തി. സാമ്പത്തികവർഷത്തെ മൊത്തം ആഭ്യന്തര പ്രീമിയം വരുമാനം 4636 കോടി രൂപയായി ഉയർന്നു. വാഹന ഇൻഷുറൻസ് മേഖലയിലുള്ള വളർച്ചയാണ് കമ്പനിയുടെ പ്രീമിയം വരുമാനം വർധിക്കാൻ കാരണം. സുസ്ഥിര വളർച്ചയിലും ലാഭക്ഷമതയിലും ഊന്നിയ പ്രവത്തനങ്ങളാണ് കമ്പനിക്ക് മികച്ച അറ്റദായം നേടിക്കൊടുത്തതെന്നും മത്സരാധിഷ്ഠിത സാഹചര്യത്തിലും തുടർച്ചയായ വർഷങ്ങളിൽ രാജ്യത്തെ മൊത്തം ഇൻഷുറൻസ് മേഖലയെക്കാൾ കൂടുതൽ വളർച്ച കരസ്ഥമാക്കാനായതായും ശ്രീറാം ജനറൽ ഇൻഷുറൻസ് കമ്പനി എംഡിയും സിഇഒയുമായ അനിൽ അഗർവാൾ പറഞ്ഞു.

# മുത്തൂറ്റ് ഫിനാൻസിന് 10,134 കോടി റെക്കോർഡ് അറ്റാദായം

**കൊച്ചി:** 2026 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ മുത്തൂറ്റ് ഫിനാൻസിന് റെക്കോർഡ് നേട്ടം. കമ്പനി 10,134 കോടി രൂപയുടെ അറ്റാദായമാണ് കൈവരിച്ചത്. മുൻവർഷത്തെ 5,201 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 95 ശതമാനത്തിന്റെ ശക്തമായ വളർച്ചയാണ് ഇത് രേഖപ്പെടുത്തുന്നതെന്ന് മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് അഭിപ്രായപ്പെട്ടു.

മുത്തൂറ്റ് ഗ്രൂപ്പിന്റെ സംയോജിത വായ്പ ആസ്തികൾ 49 ശതമാനം വാർഷിക വളർച്ചയോടെ എക്കാലത്തെയും ഉയർന്ന നിലയായ 1,81,916 കോടി രൂപയിലെത്തി. അതേസമയം, സംയോജിത ലാഭം 98 ശതമാനം ഉയർന്ന് 10,607 കോടി രൂപയായി. കമ്പനിയുടെ സ്ഥിരതയാർന്ന വളർച്ചക്കും ശക്തമായ വിപണി സാന്നിധ്യത്തിനും ഇത് തെളിവാകുന്നു. മുത്തൂറ്റ് ഫിനാൻസിന്റെ മാത്രം വായ്പാ ആസ്തികൾ 50 ശതമാനം വളർച്ചയോടെ 1,62,826 കോടി രൂപയായി ഉയർന്നു. ഇതിൽ ഏറ്റവും ശ്രദ്ധേയമായ നേട്ടം സ്വർണ്ണ പണയ വായ്പാ മേഖലയിൽ നിന്നാണ്. കമ്പനി ചരിത്രത്തിലെ ഏറ്റവും ഉയർന്ന 50 ശതമാനം വളർച്ച കൈവരിച്ച് സ്വർണ്ണ പണയ വായ്പകൾ 1,54,084 കോടി രൂപയിലേക്ക് ഉയർത്തി.കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മാത്രം 177 പുതിയ ശാഖകൾ ആരംഭിച്ചു.

ഒരു ശാഖയിൽ നിന്നുള്ള ശരാശരി സ്വർണ്ണ പണയ വായ്പാ ആസ്തി ചരിത്രത്തിലാദ്യമായി 31 കോടി രൂപയായി വർദ്ധിച്ചു. ഇതോടൊപ്പം, 17.71 ലക്ഷം പുതിയ ഉപഭോക്താക്കൾക്കായി 29,347 കോടി രൂപയുടെ വായ്പ വിതരണം ചെയ്തതായും മാർച്ച് 31ന് അവസാനിച്ച വാർഷിക കണക്കുകൾ വ്യക്തമാക്കുന്നുവെന്നും ജോർജ് അലക്സാണ്ടർ മുത്തൂറ്റ് അഭിപ്രായപ്പെട്ടു.

# രാജഗിരി എൻജിനീയറിംഗ് കോളേജ് ബിരുദദാന ചടങ്ങ് ഇന്ന്

**കാക്കനാട്:** രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയുടെ (ഓട്ടോണമസ്) 2026ൽ പഠനം പൂർത്തിയാക്കിയിറങ്ങുന്ന വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങായ 'സമാവർത്തനം ഇന്ന് രാവിലെ രാജഗിരിവാലി ക്യാമ്പസിലെ ആർഎസ്ഇടി ഓഡിറ്റോറിയത്തിൽ 9:30 മുതൽ 12:30 വരെ നടക്കും.

ചടങ്ങിൽ പതിനാറാം എം. ടെക് ബാച്ച് (സ്വയംഭരണ ബാച്ച് 2024-2026), ഇരുപത്തിരണ്ടാം ബി.ടെക്. ബാച്ച് (മൂന്നാം സ്വയംഭരണ ബാച്ച്, 2022-2026) വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങും. ക്രൈസ്റ്റ് ഡീംഡ് ടു യൂണിവേഴ്സിറ്റി ചാൻസലർ ഡോ. ജോസഫ് സി. സി. സിഎംഐ മുഖ്യാതിഥിയാവുന്ന ചടങ്ങിൽ സിഎംഐ സേക്രഡ് ഹാർട്ട് പ്രൊവിൻസ് പ്രൊവിൻഷ്യലും ആർഎസ്ഇടി മാനേജരുമായ റവ. ഫാ. പൗലോസ് കിടങ്ങേൻ സിഎംഐ അധ്യക്ഷത വഹിക്കും. ആർഎസ്ഇടി ഡയറക്ടർ റവ. ഡോ. പ്രശാന്ത് പാലക്കാപ്പിളിൽ സിഎംഐ, പ്രിൻസിപ്പൽ റവ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ.

# വർമ്മ ഹോംസ്: ബ്രോഷർ പ്രകാശനം ചെയ്തു

**കൊച്ചി:** വർമ്മ ഹോംസിന്റെ തൃപ്പൂണിത്തുറയിലെ ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്ട് വർമ്മ കോവിലകത്തിന്റെ ബ്രോഷർ പ്രകാശനം ചെയ്തു. സ്ഥലമുടമ ഉണ്ണി തൃക്കോവിലിനും ഭാര്യ ശ്രീദേവി ഉണ്ണിക്കും ബ്രോഷർ നൽകി വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ പ്രകാശനം നിർവഹിച്ചു. മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ പങ്കെടുത്തു.




# ഇന്ദുലേഖ ഭൃംഗ ഹെയർ ഗ്രോത്ത് സെറം രണ്ടാം ക്ലിനിക്കൽ ട്രയൽ പൂർത്തിയാക്കി

**കൊച്ചി:** ഇന്ദുലേഖ ഭൃംഗ ഹെയർ ഗ്രോത്ത് സെറത്തിന്റെ രണ്ടാമത്തെ വലിയ ക്ലിനിക്കൽ പഠനം വിജയകരമായി പൂർത്തിയാക്കിയതായി കമ്പനി അറിയിച്ചു.

ത്വക്ക് രോഗവിദഗ്ധരുടേയും ആയുർവേദ വിദഗ്ധരുടേയും മേൽനോട്ടത്തിൽ അംഗീകൃത ക്ലിനിക്കൽ റിസർച്ച് സ്ഥാപനങ്ങളിലാണ് പഠനങ്ങൾ നടത്തിയത്. ഉപഭോക്താക്കളുടെ താൽപര്യം മുൻനിർത്തിയാണ് ഇന്ദുലേഖ സെറത്തിന്റെ ലബോറട്ടറി പഠനം നടത്തിയത്. 2024ലും 2025ലും നടത്തിയ രണ്ട് പഠനങ്ങളിൽ 20 മുതൽ 45 വയസ് വരെയുള്ള പുരുഷന്മാരും സ്ത്രീകളും പങ്കെടുത്തു. 2024ലെ ക്ലിനിക്കൽ പഠനഫലങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും 2025ലെ പഠനഫലങ്ങൾ ഡെർമറ്റോളജി ഗവേഷണത്തിനായുള്ള അന്താരാഷ്ട്ര ജേണലിൽ പ്രസിദ്ധീകരണത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും കമ്പനി അറിയിച്ചു.

# ഭൂമിമിത്ര അവാർഡ് സി–ഹെഡിന്

**കൊച്ചി:** നഗരത്തിന്റെ സുസ്ഥിരവികസനത്തിനും പരിസ്ഥിതിപൈതൃക സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന കൊച്ചി നഗരസഭയുടെ സ്ഥാപനമായ സെന്റർ ഫോർ ഹെറിറ്റേജ് എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് (സി-ഹെഡ്) നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ആലുവ പരിസ്ഥിതി സംരക്ഷണ സംഘത്തിന്റെ ഈ വർഷത്തെ ഭൂമിമിത്ര അവാർഡ് ലഭിച്ചു. നഗരാസൂത്രണത്തിനൊപ്പം പ്രകൃതിയെയും പൈതൃകത്തെയും ചേർത്തുപിടിക്കണമെന്ന ദീർഘവീക്ഷണമാണ് സി-ഹെഡിനെ അവാർഡിനർഹമാക്കിയത്ത്. നഗരഭരണത്തിന്റെ നൂതന മാതൃക എന്ന നിലയിൽ കേന്ദ്രസർക്കാരിന്റെ 2019-20 വർഷത്തെ ഹഡ്കോ അവാർഡും സി- ഹെഡ് നേടിയിരുന്നു. ആദ്യത്തെ ഭൂമിമിത്ര അവാർഡ് ലഭിച്ചത് പരിസ്ഥിതി പ്രവർത്തകനായ എം.കെ പ്രസാദിനായിരുന്നു. വരും വർഷങ്ങളിൽ കൂടുതൽ കാര്യക്ഷമതയോടെ സുസ്ഥിര വികസനപരിസ്ഥിതി പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ ഈ പുരസ്കാരം പ്രചോദനമാകുമെന്ന് മേയർ അഡ്വ.വി കെ മിനിമോൾ പറഞ്ഞു.

# എച്ച്ഡിഎഫ്സി ചാറ്റ് ബാങ്കിംഗിന് ഒരു കോടി ഉപയോക്താക്കൾ

**കൊച്ചി:** എച്ച്ഡിഎഫ്സി ബാങ്കിന്റെ വാട്സ്ആപ്പ് ചാറ്റ് ബാങ്കിംഗ് പ്ലാറ്റ്ഫോം 2026 മാർച്ച് 31നോടെ ഒരു കോടി പ്രതിമാസ സജീവ ഉപയോക്താക്കളെയും 90 ദിവസത്തിനുള്ളിൽ 2 കോടി ഉപയോക്താക്കളെയും പിന്നിട്ടതായി ബാങ്ക് അധികൃതർ അറിയിച്ചു. നിലവിൽ നാല് കോടിയിലധികം രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾ ഈ സേവനം ഉപയോഗിക്കുന്നതായി ബാങ്ക് വ്യക്തമാക്കി. ഇത് ബാങ്കിന്റെ ആകെ ഉപഭോക്തൃ അടിസ്ഥാനത്തിന്റെ ഏകദേശം 40 ശതമാനമാണ്.19 പ്രോഡക്ട് വിഭാഗങ്ങളിലായി 225ലധികം സേവനങ്ങൾ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നുണ്ട്. ദൈനംദിന ബാങ്കിംഗ് സേവനങ്ങൾ, ഇടപാടുകൾ, സർവീസ് അലർട്ടുകൾ എന്നിവ ഇതിലൂടെ എളുപ്പത്തിൽ നടത്താനാകും. പ്ലാറ്റ്ഫോമിലെ ഇടപാടുകൾ 20 ശതമാനം വർധിച്ചതായും ബാങ്ക് അറിയിച്ചു. 2022ലാണ് എച്ച്ഡിഎഫ്സി ബാങ്ക് ചാറ്റ് ബാങ്കിംഗ് സേവനം ആരംഭിച്ചത്. തുടർന്ന് വോയ്സ് ഇൻപുട്ട് സൗകര്യം, എഐ അധിഷ്ഠിത സഹായ സംവിധാനം, റിലേഷൻഷിപ്പ് മാനേജറുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം എന്നിവ ഉൾപ്പെടെയുള്ള നിരവധി പുതുമകൾ ബാങ്ക് അവതരിപ്പിച്ചു.

# ലക്ഷദ്വീപ് ലഗൂണുകളിൽ സീപ്ലെയിൻ ലാന്റ് ചെയ്തു; പരീക്ഷണം വിജയകരം



**കൊച്ചി:** ഇന്ത്യൻ സിവിൽ ഏവിയേഷൻ രംഗത്തും പ്രാദേശിക കണക്റ്റിവിറ്റിയിലും നാഴികക്കല്ലായി മാറുന്ന, കൊച്ചിക്കും ലക്ഷദ്വീപിനുമിടയിലുള്ള ആദ്യത്തെ സീപ്ലെയിൻ പരീക്ഷണ പറക്കൽ വിജയകരമായി പൂർത്തിയാക്കി. ലക്ഷദ്വീപ് ദ്വീപസമൂഹത്തിലെ ടർക്കോയ്സ് ലഗൂണുകളിൽ ആദ്യമായി സീപ്ലെയിൻ ലാൻഡ് ചെയ്തതോടെ ദ്വീപുകളുടെ ഗതാഗത ചരിത്രത്തിൽ പുതിയ അധ്യായത്തിനാണ് തുടക്കം കുറിച്ചത്. സ്കൈഹോപ്പ് കമ്പനി ഓപ്പറേറ്റ് ചെയ്യുന്ന VTSHE എന്ന് രജിസ്റ്റർ ചെയ്ത DHC6400 ട്വിൻ ഓട്ടർ വിമാനമാണ് ഈ പരീക്ഷണ പറക്കലിനായി ഉപയോഗിച്ചത്. വിമാനം അഗത്തി ദ്വീപിൽ വിജയകരമായി ലാൻഡ് ചെയ്തു. ഉച്ചയ്ക്ക് ശേഷം കവരത്തി ദ്വീപിലേക്ക് പുറപ്പെട്ട വിമാനം ലഗൂണിൽ കുറ്റമറ്റ ലാൻഡിംഗ് പൂർത്തിയാക്കി. പ്രകടനക്ഷമതയും സുരക്ഷാ മാനദണ്ഡങ്ങളും നിരീക്ഷിക്കുന്നതിനായി രണ്ട് ക്രൂ അംഗങ്ങളും, സ്കൈഹോപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരും, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനിൽ നിന്നുള്ള പ്രതിനിധികളും ഉൾപ്പെട്ട ഒരു സംഘം വിമാനത്തിലുണ്ടായിരുന്നു. ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, ലക്ഷദ്വീപ് ഭരണകൂടം, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, സിയാൽ (കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്) എന്നീ പ്രധാന ഏജൻസികൾ തമ്മിലുള്ള മികച്ച ഏകോപനത്തിന്റെ ഫലമായാണ് ഈ സർവീസ് യാഥാർത്ഥ്യമായത്. കവരത്തിയിൽ എത്തിയ സംഘത്തെ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് ഡോ. എസ്.ബി. ദീപക് കുമാർ, പോർട്ട് ഡയറക്ടർ ഡോ. ഗിരി ശങ്കർ എന്നിവരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ചേർന്ന് സ്വീകരിച്ചു. ലക്ഷദ്വീപ് തുറമുഖ, ഷിപ്പിംഗ്, വ്യോമയാന വകുപ്പിന്റെ പ്രത്യേക പിന്തുണയോടെ, കർശനമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് വിമാനം ലാൻഡിംഗ് നടത്തിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സമീപകാല സന്ദർശനത്തെത്തുടർന്ന് ലക്ഷദ്വീപിന് ആഗോളതലത്തിൽ ലഭിച്ച വലിയ ശ്രദ്ധയ്ക്ക് പിന്നാലെ, സീപ്ലെയിൻ സർവീസ് ഈ മേഖലയുടെ വികസനത്തിൽ വലിയൊരു മാറ്റത്തിന് വഴിതെളിക്കുമെന്ന് വിദഗ്ധർ വിശ്വസിക്കുന്നു. സീപ്ലെയിൻ സർവീസ് ദ്വീപുകൾക്കിടയിലുള്ള യാത്ര കൂടുതൽ വേഗമേറിയതും സൗകര്യപ്രദവുമാക്കുക മാത്രമല്ല, ദേശീയഅന്തർദേശീയ വിനോദസഞ്ചാരികളുടെ ഒരു പ്രധാന ലക്ഷ്യസ്ഥാനമായി ലക്ഷദ്വീപിനെ മാറ്റുകയും ചെയ്യുമെന്ന് അധികൃതർ അഭിപ്രായപ്പെട്ടു. കൊച്ചിക്കും വിദൂര ദ്വീപുകൾക്കും ഇടയിലുള്ള വിടവ് നികത്തിക്കൊണ്ട്, ഭൂപ്രദേശത്തെ ഒരു ദ്വീപസമൂഹവുമായി ബന്ധിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യ സീപ്ലെയിൻ സർവീസ്, ടൂറിസം മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുകയും പ്രാദേശിക സമൂഹത്തിന് നിർണ്ണായകമായ ഗതാഗത സൗകര്യം പ്രദാനം ചെയ്യുകയും ചെയ്യും.

## അദാനിയും ഐഎച്ച്ജിയും ഹോട്ടൽ പദ്ധതിക്ക് കൈകോർക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ പ്രധാന വിമാനത്താവള കേന്ദ്രങ്ങളോട് ചേർന്ന നഗരങ്ങളിൽ അഞ്ച് ഹോട്ടലുകൾ വികസിപ്പിക്കുന്നതിനായി അദാനി എയർപോർട്ട് ഹോൾഡിംഗ്സ് ലിമിറ്റഡും (എഎഎച്ച്എൽ) ഐഎച്ച്ജി ഹോട്ടൽസ് ആൻഡ് റിസോർട്ട്സും കരാറിൽ ഒപ്പുവച്ചു. പദ്ധതിയുടെ ഭാഗമായി ഏകദേശം 1,500 മുറികൾ ഉൾപ്പെടുന്ന ഹോട്ടലുകളാണ് വരുന്നത്. കിംപ്ടൺ, ഹോളിഡേ ഇൻ, ഹോളിഡേ ഇൻ എക്സ്പ്രസ് എന്നീ ബ്രാൻഡുകളിലായിരിക്കും ഹോട്ടലുകൾ പ്രവർത്തിക്കുക. നവി മുംബൈ, ജയ്പൂർ, മംഗളൂരു, തിരുവനന്തപുരം എന്നിവിടങ്ങളിലെ അദാനിയുടെ എയർപോർട്ട് സിറ്റി പദ്ധതികളുടെ ഭാഗമായാണ് ഹോട്ടലുകൾ വരുന്നത്. ഇതോടൊപ്പം കിംപ്ടൺ ഹോട്ടൽസ് ആൻഡ് റെസ്റ്റോറന്റ്സിന്റെ ഇന്ത്യയിലെ പ്രവേശനവും പ്രഖ്യാപിച്ചു. ഇന്ത്യയിലെ വ്യോമയാന, ടൂറിസം, ബിസിനസ് യാത്ര മേഖലകളിലെ വളർച്ച കണക്കിലെടുത്താണ് പുതിയ ഹോട്ടൽ പദ്ധതിയെന്ന് അധികൃതർ അറിയിച്ചു.

## ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജുകളിൽ എൻ.ആർ.ഐ സീറ്റ് പ്രവേശനം ആരംഭിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒമ്പത് എഞ്ചിനീയറിംഗ് കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേക്ക് 2026-27 അധ്യയന വർഷത്തെ ബി.ടെക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എറണാകുളം (മോഡൽ എഞ്ചിനീയറിംഗ് കോളേജ്), ചെങ്ങന്നൂർ, അടൂർ, കരുനാഗപ്പള്ളി, കല്ലൂപ്പാറ, ചേർത്തല, ആറ്റിങ്ങൽ, കൊട്ടാരക്കര, മൂന്നാർ എന്നീ കോളേജുകളിലാണ് പ്രവേശനം നടക്കുന്നത്.

താത്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് മേയ് 19-ന് രാവിലെ 10 മുതൽ ജൂൺ 8-ന് വൈകുന്നേരം 4 വരെ ഓൺലൈനായി അപേക്ഷിക്കാം. ഐ.എച്ച്.ആർ.ഡിയുടെ പ്രവേശന പോർട്ടലായ https://nri.ihrd.ac.in വഴിയോ അതത് കോളേജുകളുടെ വെബ്സൈറ്റുകൾ വഴിയോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. മൂന്നാർ എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം ആഗ്രഹിക്കുന്നവർ www.cemunnar.ac.in/admission എന്ന വെബ്സൈറ്റ് സന്ദർശിക്കണം. ഓരോ കോളേജിലേക്കും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. 1000 രൂപയാണ് അപേക്ഷാ രജിസ്ട്രേഷൻ ഫീസ്. ഇത് അതത് കോളേജുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായോ അല്ലെങ്കിൽ പ്രിൻസിപ്പലിന്റെ പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റായോ (DD) അടയ്ക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും ജൂൺ 10-ന് വൈകുന്നേരം 4 ന് മുൻപായി പ്രവേശനം ആഗ്രഹിക്കുന്ന കോളേജിലെ പ്രിൻസിപ്പലിന് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്കായി www.ihrd.ac.in എന്ന വെബ്സൈറ്റോ അതത് കോളേജ് വെബ്സൈറ്റുകളോ സന്ദർശിക്കുക. ബന്ധപ്പെടേ നമ്പറുകൾ: ഐ.എച്ച്.ആർ.ഡി കോൾ സെന്റർ - 8547005000 എറണാകുളം: 0484-2575370, 8547005097 , ചെങ്ങന്നൂർ: 0479-2454125, 8547005032, അടൂർ: 04734-231995, 8547005100, കരുനാഗപ്പള്ളി: 0476-2665935, 8547005036, കല്ലൂപ്പാറ: 0469-2678983, 8547005034 , ചേർത്തല: 0478-2553416, 8547005038, ഐ.എച്ച്.ആർ.ഡി ഹെഡ് ഓഫീസ് (തിരുവനന്തപുരം): +91 471 2322985, +91 471 2322501.

## ഗവൺമെന്റ് സൈബർപാർക്കിൽ നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു

**കോഴിക്കോട്:** ഐടി ജീവനക്കാരുടെ ആരോഗ്യ സംരക്ഷണം മുൻനിർത്തി ഗവൺമെന്റ് സൈബർപാർക്കും ട്രിനിറ്റി സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലും സംയുക്തമായി നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. സൈബർപാർക്ക് കാമ്പസിൽ വെച്ച് നടന്ന ക്യാമ്പിൽ നിരവധി ഐ ടി ജീവനക്കാർ പങ്കെടുത്തു.

തുടർച്ചയായി കമ്പ്യൂട്ടർ സ്ക്രീനുകളിൽ നോക്കി ജോലി ചെയ്യുന്ന ഐടി പ്രൊഫഷണലുകൾക്കിടയിൽ വർദ്ധിച്ചുവരുന്ന നേത്രരോഗങ്ങളെയും കാഴ്ച വൈകല്യങ്ങളെയും കുറിച്ച് അവബോധം നൽകുന്നതിനാണ് ക്യാമ്പ് ലക്ഷ്യമിട്ടത്. ട്രിനിറ്റി ഐ ഹോസ്പിറ്റലിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ആധുനിക മെഡിക്കൽ ഉപകരണങ്ങളുടെ സഹായത്തോടെയാണ് പരിശോധനകൾ നടത്തിയത്.

ക്യാമ്പിൽ പങ്കെടുത്തവർക്ക് ആവശ്യമായ തുടർചികിത്സാ നിർദ്ദേശങ്ങളും കാഴ്ച സംരക്ഷണത്തിനായുള്ള മുൻകരുതലുകളെക്കുറിച്ചുള്ള ഉപദേശങ്ങളും നൽകി. ഭാവിയിലും ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി സമാനമായ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുമെന്ന് സൈബർപാർക്ക് അധികൃതർ കൂട്ടിച്ചേർത്തു.



ട്രിനിറ്റി സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ ഗവൺമെന്റ് സൈബർ പാർക്കിലെ ഐടി ജീവനക്കാർക്കായി സംഘടിപ്പിച്ച നേത്രപരിശോധന ക്യാമ്പ്.

## കാപ്രി ഗ്ലോബൽ ഗോൾഡ് ലോൺ ആയിരം ശാഖകൾ പിന്നിട്ടു

**കൊച്ചി:** ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയായ കാപ്രി ഗ്ലോബൽ ക്യാപിറ്റൽ ലിമിറ്റഡിന്റെ സ്വർണ്ണ വായ്പാ ബിസിനസ്സ് ശൃംഖല 1,000 ശാഖകൾ കവിഞ്ഞു.

16 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന കാപ്രി ഗ്ലോബലിന്റെ സാന്നിധ്യം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും വരും നാളുകളിൽ ശക്തിപ്പെടുത്തുമെന്ന് കാപ്രി ഗ്ലോബൽ എം ഡി രാജേഷ് ശർമ്മ പറഞ്ഞു. ബിഎസ്ഇ ലിമിറ്റഡിലും എൻഎസ്ഇ ലിമിറ്റഡിലും ലിസ്റ്റ് ചെയ്തിട്ടുള്ള കാപ്രി ലോൺസിന് 36,000 കോടിയിലധികം രൂപയുടെ ആസ്തിയും 13,700ലധികം ജീവനക്കാരും 1,400 ലധികം ശാഖകളുമുണ്ട്. സ്വർണ വായ്പ കൂടാതെ എംഎസ്എംഇ ലോണുകൾ, ഭവന വായ്പകൾ, കൺസ്ട്രക്ഷൻ ഫിനാൻസ്, വാഹന വായ്പ, ലൈഫ്, ജനറൽ, ഹെൽത്ത് ഇൻഷുറൻസ് സേവനങ്ങളും കാപ്രി ഗ്ലോബൽ നൽകിവരുന്നതായും അദ്ദേഹം വ്യക്തമാക്കി.

# എച്ച്ജി–കെഎംബി പുരസ്കാരം കുൽപ്രീത് സിംഗിന്



**കൊച്ചി:** ഇന്ത്യൻ സമകാലികകലാകാരനായ കുൽപ്രീത് സിംഗിനെ ഹേവാർഡ് ഗാലറി/ കൊച്ചി-മുസിരിസ് ബിനാലെ (HG-KMB) പുരസ്കാര ജേതാവായി തെരഞ്ഞെടുത്തു. കൊച്ചി ബിനാലെ ഫൗണ്ടേഷനാണ് പ്രഖ്യാപനം നടത്തിയത്. കൊച്ചി-മുസിരിസ് ബിനാലെ ആറാം ലക്കത്തിലെ പങ്കാളിത്ത കലാകാരനായിരുന്നു കുൽപ്രീത് സിംഗ്.

ഒരു ദക്ഷിണേഷ്യൻ കലാകാരന് യുകെയിൽ തന്റെ ആദ്യത്തെ ഇൻസ്റ്റിറ്റ്യൂഷണൽ സോളോ എക്സിബിഷൻ അവതരിപ്പിക്കാനുള്ള അവസരമാണ് ഈ പുരസ്കാരത്തിലൂടെ ലഭിക്കുന്നത്.

സിംഗിന്റെ 'ഇൻഡെലിബിൾ ബ്ലാക്ക് മാർക്സ്' എന്ന പ്രോജക്റ്റ് ജൂൺ 16-ന് ലണ്ടനിലെ ഹേവാർഡ് ഗാലറി ഹെനി പ്രോജക്റ്റ് സ്പേസിൽ ആരംഭിക്കും, ഇത് ഓഗസ്റ്റ് 2 വരെയാണ് പ്രദർശനം. കാലാവസ്ഥാ വ്യതിയാനവും കാർഷിക പ്രതിസന്ധിയും തമ്മിലുള്ള ബന്ധത്തെ പരിശോധിക്കുന്ന ചലച്ചിത്ര കലാപ്രതിഷ്ഠയാണ് പ്രദർശനത്തിന്റെ സവിശേഷത. കർഷകനെന്ന നിലയിലുള്ള തന്റെ ജീവിതാനുഭവങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, പുതിയ കൃഷിക്ക് മുന്നോടിയായി വിളാവശിഷ്ടങ്ങൾ കത്തിക്കുന്ന രീതിയെ സിംഗ് ഇതിൽ അവതരിപ്പിക്കുന്നു. തീയും കരിയും ഉപയോഗിച്ച് നിർമ്മിച്ച അഞ്ച് പാനലുകളുള്ള ഒരു അബ്സ്ട്രാക്റ്റ് പെയിന്റിംഗിനൊപ്പം, കത്തുന്ന പാടങ്ങളിലൂടെ വലിയ ക്യാൻവാസുകൾ ചുമക്കുന്ന കലാകാരന്മാരുടെ ദൃശ്യങ്ങളിലൂടെ പാരിസ്ഥിതിക തകർച്ചയെയും ഭൂമിയുടെ ചൂഷണത്തെയും കൃതി പ്രതിപാദിക്കുന്നു.

ലണ്ടനിലെ ഹേവാർഡ് ഗാലറിയിലെ റോഡൻ ചീഫ് ക്യൂറേറ്റർ റേച്ചൽ തോമസും ക്യൂറേറ്റോറിയൽ അസിസ്റ്റന്റ് അനന്യ ജയിനും ചേർന്നാണ് ഈ പ്രദർശനം ഒരുക്കിയിരിക്കുന്നത്. ആർസി ഫൗണ്ടേഷന്റെ സഹകരണത്തോടെ നടക്കുന്ന ഈ പ്രദർശനത്തിന് ചെന്നൈയിലെ ടിഎൻക്യു ഫൗണ്ടേഷന്റെ പിന്തുണയുമുണ്ട്.

ലണ്ടനിൽ, പ്രത്യേകിച്ച് ഹേവാർഡ് ഗാലറിയിൽ തന്റെ സൃഷ്ടികൾ അവതരിപ്പിക്കാൻ കഴിയുന്നത് ഏറെ സന്തോഷം നൽകുന്നുവെന്ന് പട്യാല സ്വദേശിയായ കുൽപ്രീത് സിംഗ് പറഞ്ഞു. കലയെക്കുറിച്ചുള്ള ആഗോള ചർച്ചകളിൽ തന്റെ സൃഷ്ടികൾ ഉൾപ്പെടുന്നത് ഭൂമിയെയും പരിസ്ഥിതിയെയും കൃഷിയെയും കുറിച്ചുള്ള പ്രസക്തമായ വിഷയങ്ങൾ മുന്നോട്ട് വെക്കാൻ സഹായിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്നത്തെ കാലത്ത് ഏറെ പ്രസക്തമായ സിഖ് മതത്തിലെ ഒരു തത്വശാസ്ത്രമാണ് തന്റെ പ്രവർത്തനത്തിന്റെ കാതൽ എന്നും അദ്ദേഹം പറഞ്ഞു.

മുംബൈയിലെ ഗാലറി മിർച്ചന്ദാനി + സ്റ്റെയിൻറൂക്കെയിലെ 'ഫോസിൽസ് ഓഫ് ഫോഴ്സ്' (2025), ഗോവയിലെ സുനാപരന്ത സെന്റർ ഫോർ ദി ആർട്സിലെ 'ഓൾ സ്റ്റോറീസ് ആർ എബൗട്ട് അസ്: എ ക്ലൈമറ്റ് റെസിപ്പി സർവേ' (2025), 'ഇൻഡെലിബിൾ ബ്ലാക്ക് മാർക്സ്' (2024), പഞ്ചാബ് ലളിത കലാ അക്കാദമിയിലെ 'കംപ്ലേഷൻ' (2019) എന്നിവ കുൽപ്രീത് സിംഗിന്റെ ശ്രദ്ധേയമായ പ്രദർശനങ്ങളിൽ ചിലതാണ്.

# നിയമ വിരുദ്ധ കൊതുക് അഗർബത്തികൾ അപകടകരമെന്ന് പഠനം



**കൊച്ചി:** അനധികൃത അഗർബത്തി കൊതുകുതിരികൾ കൊതുകുകൾ ഉണ്ടാക്കുന്ന ഡെങ്കു, മലേറിയ പോലുള്ള രോഗങ്ങളേക്കാൾ വലിയ ആരോഗ്യ വെല്ലുവിളികൾ ഉയർത്തുന്നതായി ഹോം ഇൻസെക്ട് കൺട്രോൾ അസോസ്സിയേഷൻ നടത്തിയ സമഗ്ര പൊതുജനാരോഗ്യ പഠനം ചൂണ്ടിക്കാട്ടുന്നു. അസോസ്സിയേഷനു വേണ്ടി വിപണി ഗവേഷണ കമ്പനിയായ കന്താർ നടത്തിയ സർവ്വേയിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. അംഗീകാരമില്ലാത്ത രാസവസ്തുക്കൾ അടങ്ങിയിട്ടുള്ള നിയമ വിരുദ്ധ കൊതുക് അഗർബത്തികൾ ഗുരുതരമായ ശ്വാസകോശ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായാണ് 70 ശതമാനം ഡോക്ടർമാരും ചൂണ്ടിക്കാട്ടിയത്. സിഗററ്റുവലി മൂലമുണ്ടാകുന്നതിനു സമാനമായ പ്രശ്നങ്ങളാവും ഇതുണ്ടാക്കുകയെന്ന് 67 ശതമാനം ഡോക്ടർമാരും അഭിപ്രായപ്പെട്ടു. രാജ്യത്തെ 12 പട്ടണങ്ങളിലായി 1264 വീടുകളിലും 405 ഡോക്ടർമാർക്കിടയിലുമാണ് സർവ്വേ നടത്തിയത്. രാജ്യത്തെ കൊതുകുതിരി അഗർബത്തി വിപണി ഏകദേശം രണ്ടായിരം കോടി രൂപയുടേതാണെന്നാണ് കണക്കാക്കുന്നത്. ഇതിൽ 85 ശതമാനവും അനധികൃത ഉൽപ്പന്നങ്ങൾ മുന്നിട്ടു നിൽക്കുന്ന രീതിയാണ് നിലവിലുള്ളത്. ഇത്തരം ഉൽപ്പന്നങ്ങൾക്ക് സർക്കാരിന്റെ ഒരു അംഗീകാരവുമില്ല. നിർബന്ധമായിട്ടുള്ള സെൻട്രൽ ഇൻസെക്ടിസൈഡ്സ് രജിസ്ട്രേഷൻ ലേബലുകളില്ല എന്നതിനു പുറമെ ഇവയിൽ അടങ്ങിയിരിക്കുന്നത് എന്തെല്ലാം എന്നു വെളിപ്പെടുത്തുന്നുമില്ല. പരിശോധനകൾ നടത്തിയിട്ടില്ലാത്ത അനധികൃത കൊതുകുതിരികൾ വിപണിയിലുണ്ടെന്ന് ഹോം ഇൻസെക്ട് കൺട്രോൾ അസോസ്സിയേഷൻ സെക്രട്ടറിയും ഡയറക്ടറുമായ ജയന്ത് ദേശ്പാണ്ഡേ ചൂണ്ടിക്കാട്ടി. ഇത്തരം ഉൽപ്പന്നങ്ങലിൽ സിഐആർ രജിസ്ട്രേഷൻ നമ്പർ ഉണ്ടോ എന്ന് ഉപഭോക്താക്കൾ പരിശോധിക്കണം. നിയമപരമായി നടത്തേണ്ട വെളിപ്പെടുത്തലുകൾ ഇവയിലുണ്ടോ എന്നു പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു. കൊതുകിനെ പ്രതിരോധത്തിനായി ഉപയോഗിക്കുന്നവ ഡെങ്കു പോലുള്ളവയെ ചെറുക്കുന്നു എങ്കിലും ഇവയിൽ നിന്നുള്ള പുക സ്ഥിരമായി ശ്വസിക്കുന്നതിനെതിരെ കരുതൽ വേണമെന്ന് മഹീം എസ് എൽ രഹേജ ഹോസ്പിറ്റൽ ക്രിറ്റിക്കൽ കെയർ ഡയറക്ടർ ഡോ സഞ്ജിത്ത് ശശീധരൻ മുന്നറിയിപ്പു നൽകി.




# 'മാമ്പഴോത്സവ'വുമായി കാർഡമം കൗണ്ടി ബൈ സന്താരി, തേക്കടി

**ഇടുക്കി:** മാമ്പഴത്തിന്റെ വൈവിധ്യമാർന്ന രുചികൾ ആസ്വദിക്കാനായി 'മാമ്പഴോത്സവം' ഫുഡ് ഫെസ്റ്റിവലുമായി മുത്തൂറ്റ് ഗ്രൂപ്പിന്റെ കീഴിലുള്ള കാർഡമം കൗണ്ടി ബൈ സന്താരി റിസോർട്ട് . മേയ് 15 മുതൽ 31 വരെ, എല്ലാ ദിവസവും ഉച്ചയ്ക്ക് 12.30 മുതൽ രാത്രി 10 വരെ തേക്കടിയിലെ കാർഡമം കൗണ്ടി ബൈ സന്താരിയിലെ ഓൾ സ്പൈസ് റെസ്റ്റോറന്റിലാണ് ഫെസ്റ്റ് നടക്കുന്നത്. സീസണൽ മാമ്പഴ വിഭവങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ മെനുവാണ് ഫെസ്റ്റിന്റെ പ്രധാന ആകർഷണം. മാമ്പഴത്തിന്റെ വൈവിധ്യമാർന്ന രുചികൾ കോർത്തിണക്കി തയ്യാറാക്കിയ പ്രത്യേക മെനുവിൽ സലാഡുകൾ, സ്റ്റാർട്ടേഴ്സ്, പ്രധാന വിഭവങ്ങൾ, ട്രോപ്പിക്കൽ പാനീയങ്ങൾ, ഡെസേർട്ടുകൾ എന്നിവ ഉൾപ്പെടും. റോ മാങ്കോ ചില്ലി പനീർ, സ്പൈസി മാങ്കോ ചിക്കൻ സ്ക്യൂവേഴ്സ്, മാങ്കോ ഫയർ ഗ്രിൽഡ് ചിക്കൻ, മാങ്കോ പനീർ ബട്ടർ മസാല എന്നിവയ്ക്കൊപ്പം മാങ്ങയെ ആസ്പദമാക്കിയ വിവിധതരം ഡെസേർട്ടുകളും പാനീയങ്ങളും അതിഥികൾക്ക് ആസ്വദിക്കാനാകും.




കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി 9544495533 എന്ന നമ്പറിൽ ബന്ധപ്പെടുക.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com